"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - അച്ചടി വകുപ്പിൽ നിന്നും വിവിധ കാലയളവിൽ വിരമിച്ച ജീവനക്കാർക്ക് ഓവർടൈം അലവൻസ് കുടിശ്ശിക - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA 658/2024** നമ്പർ ഹർജിയിലെ **09/04/2024**-ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**81/2024/SPD** തീയതി,തിരുവനന്തപുരം, **06-08-2024**

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **OA 658/2024** നമ്പർ ഹർജിയിന്മേലുള്ള **09/04/2024**-ലെ വിധിന്യായം.
2. അച്ചടി വകപ്പ് ഡയറക്ടറുടെ **26/06/2024** തീയതിയിലെ **PTGD/1170/2024-G2** നമ്പർ കത്ത്.
3. **18/07/2024**-തീയതിയിലെ സ.ഉ. (സാധാ) നം. **5558/2024/Fin**

**<u>ഉത്തരവ്</u>**

അച്ചടി വകുപ്പിൽ നിന്ന് വിവിധ കാലയളവിൽ വിരമിച്ച ശ്രീ. സുരേഷ്കുമാർ ഡി., ശ്രീ എ ശ്രീകുമാരൻ, ശ്രീമതി ഉഷ എൻ., ശ്രീമതി പി. സുഗതകുമാരി, ശ്രീമതി ജയശ്രീ കെ., ശ്രീമതി ബീന റ്റി.റ്റി., എന്നീ ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ **OA 658/2024** നമ്പർ ഹർജി ഫയൽ ചെയ്യുകയും,ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) വിധിന്യായ പ്രകാരം , ടി ഹർജിക്കാരുടെ അപേക്ഷകൾ(**Annexure A1-A6**) പരിഗണിച്ച്, ഒന്നാം എതിർ കക്ഷിയായ സർക്കാർ ടി ജീവനക്കാരുടെ അധിക വേതന കുടിശ്ശിക സംബന്ധിച്ച അവകാശവാദത്തിന്മേൽ രണ്ടാം എതിർകക്ഷിയായ അച്ചടി വകുപ്പ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി, ടി കുടിശ്ശിക അനുവദിക്കുന്നതിലേയ്ക്കായി ആവശ്യമായ തുക രണ്ടാം എതിർകക്ഷിയായ അച്ചടി വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

2) ശ്രീ. സുരേഷ്കുമാർ ഡി. , ശ്രീ എ ശ്രീകുമാരൻ , ശ്രീമതി ഉഷ എൻ. , ശ്രീമതി പി. സുഗതകുമാരി , ശ്രീമതി.ജയശ്രീ കെ. , ശ്രീമതി ബീന റ്റി.റ്റി. , എന്നീ ജീവനക്കാർക്ക് ഓവർടൈം കുടിശ്ശികയായി ആകെ **5,54,336/-** രൂപയാണ് അനുവദിക്കേണ്ടതെന്നും, ടി ജീവനക്കാർക്ക് ഓവർടൈം അനുവദിച്ചിരുന്ന കാലയളവ്, ഓവർടൈം തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിട്ടുള്ളതും, ഓവർടൈം ശീർഷകത്തിൽ **2058-00-103-99-01 (6)** മതിയായ ഫണ്ട് ഇല്ലാത്തതാണ് തുക വിതരണം ചെയ്യാൻ സാധിക്കാത്തതെന്നും, ഇതിലേക്കാവശ്യമായ തുക അനുവദിച്ചു

നൽകണമെന്നും അച്ചടി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ജീവനക്കാർക്ക് ഓവർടൈം അലവൻസ് കുടിശ്ശിക അനുവദനീയമായ പരിധിയിലാണെന്ന് ഉറപ്പ് വരുത്തി, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഓവർ ടൈം അലവൻസ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അച്ചടി വകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് നൽകുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥ / മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് അച്ചടി വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ii) ഓവർടൈമിനു നിയോഗിച്ചു കൊണ്ടുള്ള ഓഫീസ് ഉത്തരവ് / ഡ്യൂട്ടി ഷെഡ്യൂൾ എന്നിവ നടപടി ക്രമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

4) ഇതിനാവശ്യമായ **5,55,000/-** രൂപ, അധിക ധനാനുമതി വഴി **2058-00-103-99-01-06-NC** എന്ന ശീർഷകത്തിൽ പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായി നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് അധിക ചെലവ് ക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1)-ലെ വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ കേരള, തിരുവന്തപുരം (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.
3. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (അച്ചടി വകുപ്പ് ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ് (നം. E:2845119/EDN-B3/109/2024-FINdt 19/07/2024.)
6. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 06-08-2024 12:59:15
സെക്ഷൻ ഓഫീസർ